# പ്രതികരണങ്ങൾ — 7



പ്രതികരണങ്ങൾ — 7
വായനക്കാർ
(മലയാളം: പ്രതികരണങ്ങൾ)

These electronic versions are released under the provisions of Creative Commons Attribution Non-commercial No-derives Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: scaters on the Leie river, a painting by Paul Gosselin. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# പ്രതികരണങ്ങൾ

## സി. സന്തോഷ് കുമാർ: സൽമ റേഡിയോസ് (തുടർച്ച)

**നിഷ:** അസ്തിത്വ പ്രതിസന്ധി കൊണ്ട് ആകുലപ്പെട്ട നായകന്മാർ ഒരു കാലത്ത് മലയാളത്തിലും സുലഭമായിരുന്നു. വായനക്കാർ സാമൂഹ്യ അകലം പാലിച്ച് മാത്രം നോക്കിക്കണ്ട് അതിശയിച്ചിരുന്ന അൽഭുത ജീവികൾ. എന്നാൽ ഇത്ര ലോലമായി ഇത്ര മൃദുലമായി, ഇത്ര ദൃഢചിത്തനായ ഒരു അസ്തിത്വാന്വേഷിയെ അടുത്തു നിന്നു പരിചയപ്പെടുവാനായി സൽമ റേഡിയോസിലൂടെ. സി. സന്തോഷ് കുമാർ എത്ര അനായാസമാണ് ഒരു എമർജൻസി റിപ്പയറിലൂടെ രണ്ടു മനുഷ്യരെ പരസ്പരം മാറ്റിപ്പണിയുന്നത്. മനോഹരമായി സൽമ റേഡിയോസ്.

## മുകുന്ദനുണ്ണി: ജാതിയും വധശിക്ഷയും: ഒരു കർണ്ണാടക സംഗീതപാഠം

**രഞ്ജിത് വർമ്മ:** ഉണ്ണിയുമായി ദീർഘകാലമായി വ്യക്തിബന്ധമുണ്ട്. സായാഹ്ന വഴി ഈ ഇൻററർവ്യൂ കൂടുതൽ വായനക്കാരിലേക്ക് എത്തിച്ചതിൽ സന്തോഷിക്കുന്ന അഭിവാദ്യങ്ങളോടെ.

## Sayahna: Who's who

**കെ. എച്ച്. ഹുസൈൻ:** No one is old in Sayahna!

**സതീശ് ചന്ദ്രൻ:** "ജൂലൈ മൂന്നിന്റെ തലേന്നായിരുന്ന ഒ. വി. വിജയന്റെ നവതി" എന്ന പേരിലൊരു കഥയെഴുതി "സായാഹ്ന" യ്ക്ക് അയച്ചാലോ എന്നാലോചിച്ചു. തലക്കെട്ട് തന്നെ ധാരാളം എന്ന തോന്നിയതു കൊണ്ട് കൂടുതൽ എഴുതിയില്ല.

**കെ. എച്ച്. ഹുസൈൻ:** രണ്ടു മൂന്ന വർഷമായി സായാഹ്നയിൽ മലയാളത്തിൽ രൂപംകൊള്ളുന്ന ഒരു ശാസ്ത്രഗ്രന്ഥമുണ്ട്. 'ഗോളശാസ്ത്രം' എന്നാണതിന്റെ പേര്. ഗ്രീക്ക്, അറേബ്യൻ, ചൈനീസ്, ഭാരതീയം, കെപ്ലർ മുതൽ ഐൻസ്റ്റീൻ വരെയുള്ള ആധുനികവും-അദ്ഭുതകരവും വിശദവുമായ ഒരു താരതമ്യ ആസ്വോദനമിയാണത്. അതിന്റെ രചയിതാവ് തൃശ്ശൂർ പെരിഞ്ഞനംകാരൻ ഒരു അബ്ദുല്ല സാഹിബ് ആണ്. വർഷങ്ങൾക്കുമുമ്പേ അദ്ദേഹം മൺമറഞ്ഞു. അദ്ദേഹത്തിന്റെ മകൻ ഷഫീക്ക് മുഖേനയാണ് പഴയൊരു ലെറ്റർ പ്രസ്സിൽ അച്ചടിച്ച അതിന്റെ ആദ്യ പ്രതി എന്റെ കയ്യിലെത്തുന്നത്. ത്രികോണമിതിയിലെ സമവാക്യങ്ങളും ജ്യോമതീയ ചിത്രങ്ങളും കണ്ടപ്പോൾ അതിന്റെ പുനരാവിഷ്കാരത്തിന് മലയാളം ടെക്കിനേക്കാൾ മികച്ച മറ്റൊരു ടൈപ്പ്സെറ്റിംഗ് ഇല്ലെന്ന് ഒറ്റനോട്ടത്തിൽ ബോദ്ധ്യമായി. സി വി ആർ ദൗത്യം സസന്തോഷം ഏറ്റെടുത്തു.

ടൈപ്പ്സെറ്റിംഗ് പുരോഗമിക്കുന്ന വേളയിൽ ഒരു ദിവസം അതിനെപ്പറ്റി, നാട്ടുകാരന്റെ പുസ്തകത്തെപ്പറ്റി യാദൃശ്ചികമായി സംസാരിച്ചപ്പോൾ അശോകൻ പറഞ്ഞു, "അതാദ്യം അച്ചനിരത്തിയത് ഞാനാണ്!" അപ്പോഴാണ് ടൈറ്റിൽ പേജിന്റെ മറുവശത്ത് 'ഹരിശ്രീ പ്രിന്റേഴ്സ്' എന്റെ കണ്ണിൽപ്പെട്ടത്. അബ്ദുല്ല സാഹിബ് അദ്ദേഹത്തിന്റെ അച്ഛന്റെ അടുത്ത സുഹൃത്തായിരുന്നു. ആ പുസ്തകമുണ്ടാക്കാനായി അനേകായിരം മഷിപുരണ്ട ലോഹ അച്ചുകൾ തൊട്ടുതലോടിയും ബ്ലോക്കുകളുണ്ടാക്കിയും ടൈപ്പ്സെറ്റുചെയ്ത പോയകാലത്തെ അശോകൻ ഓർമ്മിച്ചെടുത്തു. പിന്നീട് വിപ്ലവത്തിന്റെ നാളുകളിൽ പലായനത്തിന്റെ ഭീതിദമായൊരു രാത്രിയിൽ കൊമ്രേഡ് പി. ടി. തോമസുമൊത്ത് മരംകോച്ചുന്ന തണുപ്പിൽ നക്ഷത്രങ്ങൾ നിറഞ്ഞ ആകാശം നോക്കി ക്ഷീരപഥങ്ങളിൽ നഷ്ടപ്പെട്ട് ദാരുണമായ ഭൂമിയെ മറക്കാൻ ശ്രമിച്ചത് അദ്ദേഹം ഓർമ്മിച്ചു.

ഒരുപാട് ജീവിതങ്ങൾ ജീവിച്ച്, പല വട്ടങ്ങളിൽ കറങ്ങി, നാല്പതുവർഷത്തിന്റെ മറ്റൊരു പരിവൃത്തം പൂർത്തീകരിക്കുകയാണ് അശോക്കുമാർ സായാഹ്നയിൽ.

**കെ. സച്ചിദാനന്ദൻ:** ആ കഴഞ്ഞു മറിഞ്ഞ കാലത്തിലെവിടെയോ ഈയുള്ളവനുമുണ്ട്. അശോകൻ, സുബ്രഹ്മണ്യദാസിനും വെങ്കിടിക്കുമൊപ്പം (സി. എസ്. വെങ്കിടേശ്വരൻ) എന്റെ വിദ്യാർത്ഥിയായിരുന്നു. അശോകന്റെ പ്രസ്സിലാണ് 'ഉത്തരം' മാസികയും എന്റെ കവിതകളുടെ ഇംഗ്ലീഷ് പരിഭാഷകളുടെ ഒരു ചാപ് ബുക്കും (അന്ന് ആ വാക്കുണ്ടായിരുന്നില്ല) ജയശീലന്റെ ആദ്യ സമാഹാരവും:… അച്ചടിക്കുന്നത്. എത്ര സായാഹ്നങ്ങൾ അവിടെ ചിലവിട്ടു. അതൊരു ദീർഘ കഥയിലെ ഒരദ്ധ്യായം മാത്രം.

**വി. കെ. എം. സുബൈർ:** 'ഗോളശാസ്ത്രം' പ്രതീക്ഷയോടെ കാത്തിരിക്കുന്നു.

**ദാമോദർ പ്രസാദ്:** മലയാളത്തില പ്രസിദ്ധീകരണ സാങ്കേതിക വിദ്യയുടെ ആത്മാനുഭവ ചരിത്രം ഒന്ന രേഖപ്പെടുത്തിയിരുന്നെങ്കിൽ എത്ര നന്നായിരുന്നു…

## E. P. Unny: Cartoons

**കെ. ജി. എസ്.:** ഇ. പി. ഉണ്ണിയുടെ കാർട്ടൂൺ

പക്ഷിവംശമാണ് കാർട്ടൂണുകൾ. ചിറകില്ലാത്ത, ഇരിപ്പിൽ പറക്കലില്ലാത്ത, കൂർത്ത കൊക്കില്ലാത്ത, ആഴത്തിലേക്ക് നോട്ടത്തിന്റെ മൂർച്ചയെത്താത്ത, ഒറ്റയിൽ പറ്റം തോന്നിക്കാത്ത, കാർട്ടൂണില്ല. വരക്കളിയല്ല ഉൾക്കാഴ്ചയുടെ വരക്കാര്യമാണ് കാർട്ടൂണുകളിലെ ചലനഭാഷ. ആംഗികം ലയിച്ച വാചികം. പക്ഷികളെപ്പോലെ കാർട്ടൂണുകൾക്കുമില്ല രൂപാവർത്തനത്തിൽ വേവലാതി. കൂത്തും കൂടിയാട്ടവുമെല്ലാം ഒരേ കൂത്തമ്പലത്തിൽ. മാറുന്നത് അരങ്ങല്ല കഥയാണ് കാർട്ടൂണിലും. മാറി മാറി വരേണ്ടതില്ല മാധവചാക്യാരോ നസീറുദ്ദീൻ ഷായോ സഞ്ജീവ് കുമാറോ ഇർഫാൻഖാനോ ഒമർഷെറീഫോ സുകുമാരിയോ ലളിതയോ പോലെ കാർട്ടൂൺ നായകരും പ്രതിനായകരും. മാറിയാലും അത്യാഹിതമൊന്നുമില്ല. എങ്കിലും കണ്ടത് തന്നെ കാണുന്നതിലും കേട്ടത് തന്നെ കേൾക്കുന്നതിലും കുടിച്ചത് തന്നെ കുടിക്കുന്നതിലും രസിക്കുന്നുണ്ട്, ആസ്വാദനത്തിലൂടെ ആവുന്നത്ര ചരിത്രപ്രോട്ടീൻ എടുക്കുന്നുണ്ട്, നമ്മിലെ രസ മെഷീൻ. ഇന്ന് രാവിലെ സായാഹ്നയിൽ ഇ. പി. ഉണ്ണിയുടെ കാർട്ടൂൺ കണ്ടപ്പോൾ ഞാനിങ്ങനെ കാട്ട് കേറി.

ബാംഗ്ലൂരിൽ എനിക്ക് മൂന്ന് സുഹൃത്തുക്കൾ. ഒരാൾ ജയശങ്കർ. എന്നും രാവിലെ ജയശങ്കർ ഇ. പി. ഉണ്ണിയുടെ കാർട്ടൂൺ അയച്ചുതരും. ഞായർ കാർട്ടൂൺ മുടക്കം. അതിനാൽ തിങ്കൾ രണ്ട് കാർട്ടൂൺ. മുഴുവൻ ഉണരാൻ രാവിലെ ഉണ്ണിയുടെ കാർട്ടൂണും കൂടി വരണം എന്നൊരഡിക്ഷൻ തെണർത്ത് തുടങ്ങുന്നുണ്ടോ മനസ്സിലെന്ന് ശങ്കയില്ലാതില്ല. കെ. എം. മധുസൂദനന്റെ ചെമ്മൺതരികൾ ചിതറിവീണ നിലത്തെ വരകളാണ് മറ്റൊരുദയ വരവ്. ആഴത്തിലേക്ക്, ചരിത്രത്തിലേക്ക്, രണ്ട് വഴി. രണ്ട് സഞ്ചാരം. ഇപ്പോൾ സായാഹ്നയും. ഒരു ഫോക്-ക്ലാസിക്കൽ-മോഡേൺ ഫ്യൂഷൻ നരേറ്റീവായാണ് എനിക്കിപ്പോൾ നേരം വെളുക്കുന്നത്.

ഉറ്റ ചങ്ങാതിയെപ്പോലെയാണ് ഇ. പി. ഉണ്ണിയുടെ കാർട്ടൂൺ. വിടില്ല. പിടിച്ച് നിർത്തും. അല്ലെങ്കിൽ കൂടെപ്പോരും. പറഞ്ഞും കാണിച്ചും കൂട്ടിക്കൊണ്ട് പോകും. പണ്ട് കണ്ട കാർട്ടൂണുകൾ ആ യാത്രയിൽ കൂടെച്ചേരും. ഭൂമിയുടെ കഴുത്തിൽ കനത്ത കാൽ മുട്ടമർത്തി ഞെരിക്കുന്ന ട്രമ്പ്, അറ്റ്ലസിന്റെയും ലോകരക്ഷകരുടേയും അന്തകൻ, നിൽക്കുന്നത് കാണിച്ച് മുമ്പൊരു നാൾ; നെയ്‌വേലിയിലേയും വിശാഖിലേയും ധർമ്മത്താഴകളുടെ തകർച്ച കാണിച്ച് ഇന്ന്; ഉണ്ണി കൊണ്ട് പോയത് ആലീസ് പോയതിലും ആഴത്തിലേക്ക്. ലിപികൾക്കെല്ലാം മുമ്പത്തെ എഴുത്തുവടിവുകളുടെ ആദിയൂരിലെ കാലടയാളങ്ങളിലേക്ക്. ചിത്രങ്ങൾക്കെല്ലാം മുമ്പത്തെ ഗുഹാരേഖകളുടെ ഗോത്രത്തിലേക്ക്. അവയുടെ പ്രാചീനമായ ഇണക്കത്തിലേക്ക്. നവീനമായ ലംഘനങ്ങളിലൂടെയും വിമർശനങ്ങളിലൂടെയും അവ നേടുന്ന വെളിവിന്റെ സ്വാതന്ത്ര്യത്തിലേക്ക്. കാഴ്ച തന്നെ സ്പർശമാവുന്ന പുതിയ മൈദാസ് ടച്ചിലേക്ക്. പുതിയതിലെല്ലാം മുന നീട്ടുന്ന പ്രാകൃതത്തിലേക്ക്. ഫാക്ടറിക്ക് മുന്നിൽ ചിതറിയ കാലടയാളങ്ങളേയുള്ളൂ. കാലുകളില്ല. കാലുകൾ മാഞ്ഞു പോയി. പഴയതോ പുതിയതോ ആയ ദുരന്തത്തിൽ. ആൾവടിവ് ബാക്കി വെക്കാതെ. ചിരിപ്പിക്കണമെന്ന് യാതൊരു നിർബന്ധവുമില്ല ഉണ്ണിയുടെ കാർട്ടൂണിന്. എവിടെയാണ് എന്ത് ജീവിതമാണ് നാം ജീവിക്കുന്നതെന്ന് കാണിക്കണമെന്ന് നല്ലോണമുണ്ട് ആ വരമൊഴികൾക്ക്. വെറുമൊരു നർമ്മച്ചതുരമല്ല കാർട്ടൂൺ എന്ന് എല്ലാ ഭാഷയിലും എഴുതി വെച്ചിരിക്കുന്ന വലിയ അറിയിപ്പ് പലക ഏത് നല്ല കാർട്ടൂണിലും കാണാം. ചരിത്രം, നീതിവിചാരം, പ്രതിരോധം, ജനാധിപത്യദർശനവും കൊളുത്തി വീശി വേണം ഇന്ന് കാർട്ടൂണിൽ വഴി നടക്കാൻ. ശങ്കർ, കുട്ടി, വിജയൻ, അരവിന്ദൻ, അബു, ആർ. കെ. ലക്ഷ്മൺ, ഉണ്ണി, ഗോപീകൃഷ്ണൻ, സാമുവൽ, എന്നിവരും യൂറോപ്യൻ അമേരിക്കൻ കാർട്ടൂണിസ്റ്റുകളും വസിക്കുന്ന പോസ്റ്റ് കൊളോണിയൽ അതിജാഗ്രതാവാർഡിൽ പ്രത്യേകിച്ചും.

വരയ്ക്കുമ്പോൾ കൈ വിറയ്ക്കുന്നത് കൊണ്ട് മാത്രമാണ് അബുവിന്റെ രൂപങ്ങളിൽ അസ്ഥിരതയുടെ ഓളം തോന്നുന്നതെന്നൊരാൾ പറഞ്ഞു. അചഞ്ചലം അതിന്റെ ഉള്ള്; അടിയന്തിരാവസ്ഥക്കാലം ചൂണ്ടിപ്പറഞ്ഞു. ഒപ്പിടാൻ ഇനിയും ഓർനൻസുകൾ ബാക്കിയുണ്ടെങ്കിൽ പ്ലീസ് വെയിറ്റ് എന്ന ഫക്രുദീൻ അലി അഹമ്മദിന്റെ ബാത്ടബ് സീൻ ആര് മറക്കാൻ.

എനിക്കൊരു ചൈനീസ് കാർട്ടൂണിസ്റ്റിനെ കാണണമെന്നുണ്ടായിരുന്നു. ജനിക്കുമ്പൊഴേ കാർട്ടൂൺ രൂപങ്ങളായ വ്യാളിയും പുരാവൃത്തങ്ങളായ നേതാക്കളും ചരിത്രവുമുള്ള രാജ്യമുണ്ടെങ്കിൽ അതും കാണണമെന്നുണ്ടായിരുന്നു.

കാണും മുമ്പേ വെങ്കിടി വന്നെന്നെ കെ എൽ എഫി ലേക്ക് കൂട്ടിക്കൊണ്ട് പോയി. നമുക്കിത്തിരി കടലു കാണാന്ന് പറഞ്ഞു. കണ്ടു. ഉണ്ണിയുടെ കൃതികൾ കിട്ടി. ഉണ്ണി വായിച്ച കേരള/ലോകത്തിരകൾ കണ്ടു. കുറച്ചപ്പുറത്ത് കുന്ന് കണ്ടു. കനകക്കുന്ന്. കുന്നിൻ പുറത്ത് നിന്ന് ഇ. പി. ഉണ്ണി സംസാരിക്കുന്നു. ഫാസിസ്റ്റുകൾ കാർട്ടൂണിസ്റ്റുകളെ പീഡിപ്പിക്കുന്നതിനെതിരേ രോഷം, പ്രതിഷേധം.

മൊബൈലിൽ എനിക്കൊരു വിളി വന്നു. യന്ത്രവുമായി ഞാൻ പുറത്തിറങ്ങി. കഥയും കവിതയും പോലെ കാർട്ടൂണും ആദരിക്കപ്പെടാനാണ് ഈ ഉത്സവത്തിന് 'ക' എന്ന് ഞങ്ങൾ പേരിട്ടതെന്ന് മൊബൈൽ.

അങ്ങനെ ഇന്നത്തെ കാടുകേറ്റം സമാപ്തം.

**വെങ്കിടേഷ് രാമകൃഷ്ണൻ:** ഹാ... മനോഹരം. ഈ കാട്ടുകയറൽ

**ഇ. പി. ഉണ്ണി:** ഉണ്ണി പാല'ക്കാട്ടു' നിന്നറിയിക്കുന്നു

കെ. ജി. എസ്.-നു പാല'ക്കാട്ടു' കയറിയവന്റെ നന്ദി. ഗ്രൂപ്പിൽ പോസ്റ്റ് ചെയ്യാൻ സഭാകമ്പം.

**ലിസ്സി മാത്യു:** നമ്മൾക്കിതൊക്കെ കമ്പമാണ്

അതുകൊണ്ട് സഭാകമ്പം വേണ്ട

**അഷ്റഫ്:** വലിയ സംഗീതജ്ഞർ അവരവർക്ക് വേണ്ടി മൂളുന്ന പാട്ടിന്റെ ഇമ്പം കൂടിയാണ്, വലിയ എഴുത്തുകാർ ഇങ്ങനെ കാട്ട് കയറുമ്പോൾ അനുവാചകർക്ക് കിട്ടുന്ന രസം...!!

**കെ. സച്ചിദാനന്ദൻ:** കെ. ജി. എസ്. കവിതയ്ക്കൊപ്പം കൂടുതൽ ഗദ്യവും എഴുതിയിരുന്നെങ്കിൽ എന്ന് ആ കൊതിപ്പിക്കുന്ന ഗദ്യം കാണുമ്പോഴൊക്കെ തോന്നും.

**റാണി സാന്റി ജോസഫ്:** ചിരിപ്പിക്കുന്നതും അതിലേറെ ചിന്തിപ്പിക്കുന്നതുമാണ് ശ്രീ ഉണ്ണിയുടെ കാർട്ടൂണുകൾ. അത് കൂടുതൽ ശ്രദ്ധിക്കുന്നത് സത്യത്തിൽ സായാഹ്നയിലൂടെയാണ്. കെ. ജി. എസ്. അതിനെഴുതിയ ആസ്വാദനക്കുറിപ്പ് അദ്ഭുതപ്പെടുത്തി. കാർട്ടൂണിനും ഇങ്ങനെ ചില വ്യക്തിത്വമുണ്ടെന്നത് വലിയൊരു തിരിച്ചറിവാണ്. ഇപ്പോൾ അതങ്ങനെ പക്ഷിയായി എനിക്ക് ചുറ്റും ചിറകടിക്കുന്നു. ചുറ്റും കൊറോണയുടെ ഭീകരനൃത്തമുണ്ട്. അതിനപ്പുറമാണ് സായാഹ്നയുടെ വ്യത്യസ്തമായ ഈ വിഭവം. നന്ദി.

## നിസാർ അഹമ്മദ്: മലയാളിയുടെ ഗൃഹ സ്ഥാശ്രമവും വാസ്തു ഉയർത്തുന്ന ചോദ്യങ്ങളും

**രജീഷ്:** നിസാർ അഹമ്മദിന്റെ ലേഖനത്തിലെ ഒരു (ഒരേയൊരു) അക്ഷരത്തെറ്റ് വീണ്ടും യൂണികോഡ് സ്റ്റാൻഡേഡിലെ 'ന്റ' എന്ന കൂട്ടക്ഷരത്തിന്റെ എൻ കോഡിങ് പ്രശ്നത്തെക്കുറിച്ച് ചിന്തിക്കുവാൻ പ്രേ രിപ്പിച്ചു. "ഓാൻറി ലഫെവ്റ്" (Henri Lefebvre) എന്ന ചിന്തകന്റെ പേരിന്റെ ആദ്യഭാഗം ഉച്ചരിക്കുന്നത് (എഴുതുന്നതും) "ൻ + റ" എന്നാണ്. മലയാളത്തിൽ ആ കൂട്ടക്ഷരം വരുന്ന വാക്കുകളില്ല, നമുക്ക് "ന്റ" (ന് + റ) മാത്രമേയുള്ളൂ. "ൻറ" എന്നെഴുതിയാൽ സന്ദർ ഭമനുസരിച്ച് nta എന്നോ nra എന്നോ വായിക്കാൻ നമ്മൾ ശീലിച്ചിട്ടുണ്ട്, എന്നാൽ ന്റ (stacked form) എന്നെഴുതിയാൽ മലയാളി nta എന്നുമാത്രമേ (ശരി യായി) വായിക്കുകയുള്ളൂ.

യുണികോഡിൽ "ന്റ" കോഡീകരിച്ചതിലുള്ള അവ്യവസ്ഥകൾ (ൻ + ് + റ) ഇതിനകം വിമർശനവി ധേയമായിട്ടുണ്ട്; അത് യുണികോഡിന്റെ പുതിയ പതിപ്പ് (13.0) പോലും തിരുത്തിയിട്ടില്ല (അവലം ബം: യുണികോഡ് സ്റ്റാൻഡേഡ് 13.0, അദ്ധ്യായം 12.9, പട്ടിക 12–41). അടുത്ത പതിപ്പിൽ ഈ പ്രശ്നം തിരുത്താനുള്ള നിർദ്ദേശം ഉണ്ടെന്നാണറിഞ്ഞത്.

എന്നാൽ തനതുലിപിയിൽ (സായാഹ്ന ഉപ യോഗിക്കുന്നത് തനതുലിപി ഫോണ്ടാണ്) "ൻ + റ" എന്നെഴുതിയാൽ 'ൻറ' (horizontal) എന്നും, "ന് + റ" എന്നെഴുതിയാൽ 'ന്റ' (stacked) എന്നും ശരിയാ യി കാണിക്കും.

"ഓാന്റി" എന്നത് "ഓാൻറി" എന്ന് ലേഖനത്തിൽ തിരുത്തുമല്ലോ.

**കെ. എച്ച്. ഹുസൈൻ:** സംകല്പങ്ങൾ, സംകല്പനങ്ങൾ, സംകീർണ്ണം, സംകുചിതം... മലയാളഗദ്യത്തിന്റെ മാ നകീകരണത്തിന് കടമ്പകളേറെയുണ്ടെന്നാണ് നി സാറിന്റെ എഴുത്ത് തരുന്ന സൂചനകൾ. പാർപ്പിട ത്തിൽനിന്നും പുരയിടം പോയതുപോലെ, കുടുംബ ത്തിൽ ഗൃഹം വാസമുറപ്പിച്ചതുപോലെ ഉത്തരാധു നികപദാവലികളെ പ്രത്യേകം കുടിയിരുത്തേണ്ടി വരും.

## സഞ്ജയൻ: ആ വമ്പിച്ച പ്രേരണ, കള്ളവാക്കുകൾ

**ഉണ്ണി:** നന്ദി. സാഹിത്യ നികഷം കൂടി നോക്കണം.

**സി. സി. ജെ. ജോർജ്ജ്:** "കള്ളവാക്കുകൾ" എന്ന കുറിപ്പ് നമ്മുടെ സാങ്കേതികപദനിർമ്മാണ ശാലകൾക്ക് വെളിച്ചമാകട്ടെ.

**മുകുന്ദനുണ്ണി:** തെളിവാർന്ന (ആക്ഷേപ) ഹാസ്യം!

## കെ. സച്ചിദാനന്ദൻ: കബീറിന്റെ ലഘുകവിതകൾ

**കെ. ജി. എസ്.:** കബീർ തെളിമലയാളത്തിലെഴുതി സച്ചിദാനന്ദനെ ഏല്പിച്ചത് പോലെ. കുളിർപ്പലരിയിൽ ആഴക്കുളിർ. ഉചിതം സാരസാന്ദ്രം ആത്മഹരം.

**ദാമോദർ പ്രസാദ്:** സച്ചി കബീർ എന്ന പി ഡി എഫിന്റെ നാമകരണം രസകരമായി. കബീർ കവിതയുടെ മൊഴിമാറ്റത്തിന് പ്രത്യേക മിഴിവ് നല്കുന്ന മോഹനന്റെ ചിത്രങ്ങൾ.

**എസ്. ഗോപാലകൃഷ്ണൻ:** നന്ദി... മനോഹരമാണ് ഈ മൊഴിമാറ്റങ്ങൾ.

**കെ. സച്ചിദാനന്ദൻ:** മുഖവുരയിൽ ആദി ഗ്രന്ഥത്തിലെ പഠനങ്ങൾ എന്നു കണ്ടു, പാഠങ്ങൾ ആണ്. (texts, not studies)

പ്രതികരണങ്ങൾക്ക് ഏറെ നന്ദി. കുറുക്കിപ്പറയാനുള്ള ശ്രമത്തിൽ ചില ദുരൂഹ സംയുക്തങ്ങൾ വന്നിരിക്കാം, വീണ്ടും നോക്കാം.

കബീർ മലയാളത്തിലല്ലാ എഴുതിയതെന്നതിന് തെളിവുകളില്ല, കബീറിനെക്കുറിച്ചുള്ള പല കാര്യങ്ങളെയും കഥകളെയും പോലെ. അദ്ദേഹം തിരുമൂലരെ പരിഭാഷ ചെയ്തതാണെന്നും വരാം. നെയ്ത്തുകാർ നെയ്ത്തു കൊണ്ടേയിരിക്കുന്നു, തുക്കണാംകുരുവി മുതൽ കബിരാ സാഹിബാ വരെ.

**ദാമോദർ പ്രസാദ്:** സന്ത് കബീറിന്റെ പ്രധാനപ്പെട്ട പിന്തുടർച്ചക്കാരിലൊരാൾ മലയാളിയല്ലേ?

**കെ. സച്ചിദാനന്ദൻ:** ഒന്നല്ല. എങ്കിലും ശ്രീനാരായണ ഗുരുവിന്റെ ദാർശനിക സമീപനം പൂന്താനത്തെയും എഴുത്തച്ഛനെയുംകാൾ കബീറിനോട് അടുത്തു നിൽക്കുന്നു – വൈഷ്ണവ/നിർഗുണ – ശൈവ വ്യത്യാസങ്ങൾക്കുമപ്പുറം.

**ലിസ്സി മാത്യു:** എഴുത്തച്ഛനെയും കബീറിനെയും ദാർശനികമായി ഒന്നിപ്പിക്കാനാകുമോ.

**എസ്. ഗോപാലകൃഷ്ണൻ:**

"പുരുഷാകൃതി പൂണ്ട ദൈവമോ?
നരദിവ്യാകൃതി പൂണ്ട
ധർമ്മമോ?
പരമേശപവിത്ര പുത്രനോ?
കരുണാവാൻ നബി
മുത്തുരത്നമോ?"

(ശ്രീ നാരായണ ഗുരു: അനുകമ്പാദശകം: 7)

**കെ. സച്ചിദാനന്ദൻ:** ഒരതിരു വരെ. രണ്ടു പേരും രാമഭക്തർ. ശൂദ്രനായ എഴുത്തച്ഛൻ മലയാളികളുടെ വേദാചാര്യനായി, സംസ്കൃതത്തിൽ വ്യുത്പത്തിയുണ്ടായിട്ടും മലയാളത്തിലെഴുതി (മേല്പത്തൂരിനെപ്പോലെ സംസ്കൃതത്തിലെഴുതിയില്ല) തന്റെ രാമായണം യാചകർക്കും ശവം ദഹിപ്പിക്കുന്നവർക്കും ഋതുമതികൾക്കുമെല്ലാം ഒരു പോലെ പാരായണം ചെയ്യാമെന്ന് ആ കാവ്യത്തിന്റെ ആരംഭത്തിൽ തന്നെ പറഞ്ഞു. എന്നാൽ കബീറിനെപ്പോലെ പ്രത്യക്ഷമായി പൗരോഹിത്യത്തിനും ദുരാചാരങ്ങൾക്കുമെതിരെ സംസാരിക്കയോ മതാശ്രിതമല്ലാത്ത ഒരാത്മീയത പ്രകടമായി മുന്നോട്ടു വെയ്ക്കുകയോ ചെയ്തില്ല. എന്നാൽ അദ്വൈതസ്വാധീനം (മായ, ഏകബ്രഹ്മം, ജീവാത്മ-പരമാത്മദ്വൈതത്തിന്റെ നിരാകരണം...) രണ്ടു പേരിലുമുണ്ട്, ജനകീയമായ ഒരാത്മീയത ഇരുവരും മുന്നോട്ടു വെയ്ക്കുന്നുണ്ട്. ഇരുവരുടെയും രാമസങ്കല്പം ആത്യന്തികമായ ഒരു ദൈവത്തോടടുത്തു നിൽക്കുന്നു; ഇരുവരിലും നരസി മേത്തയിലും സൂർദാസിലും ഒറിയാ മുസ്ലീം ഭക്തകവി സലബേഗായിലും മീരയിലും (പിന്നീട് ഗാന്ധിയിലും) കണ്ട വൈഷ്ണവത്വം മുന്നിട്ടു നിൽക്കുന്നു. കബീറിൽ സൂഫി സമാനമായ ഒരു സമീപനം—മാദ്ധ്യസ്ഥമില്ലാതെ അള്ളായോടു സംസാരിക്കുക, അനുഭൂതിയെ പുസ്തക ജ്ഞാനത്തിനു മുകളിൽ വെയ്ക്കുക—കാണാം, അതിന്റെ പ്രഭവം വ്യക്തമല്ലെങ്കിലും ഗുരുക്കളെയും പീർമാരെയും കുറിച്ച് കബീർ ആദരവോടെ സംസാരിക്കുന്നുണ്ട്—മതം ഉപജീവനമാക്കിയ ബ്രാഹ്മണരോടും മുല്ലാമാരോടും ഒട്ടും ബഹുമാനമില്ല താനും) പല താരതമ്യങ്ങളും കൊണ്ടുവരാനുള്ള പ്രലോഭനം അടക്കിവെയ്ക്കുന്നു.

**ലിസ്സി മാത്യു:** കൂടുതൽ അറിവുകൾ/താരതമ്യം പ്രതീക്ഷിക്കുന്നു സാർ.

കൗതുകകരം!

**ശ്രീദേവി കർത്താ:** മനന സാധ്യതയുള്ള സാഖികൾ ഒറ്റയടിക്ക് വായിക്കാനാകില്ല... ഇന്നത്തേക്ക് ഇത് മതി

"ആർക്കുമേ തിരിയുകില്ലാ
എൻ കിഴക്കൻ പേച്ച്,
ആർക്കതു തിരിയുേമാ ആ
ആൾ കിഴക്കൻ തന്നെ"

(ബോലീ ഹമരീ പൂരബീ)

**എസ്. എ. ഷുജാദ്:** സൂഫി കവിതാധാരകളെ പരിചയപ്പെടണമെങ്കിൽ റൂമി, നാമയുൾപ്പെടെയുള്ളവരുടെ വിവർത്തനങ്ങൾ കൂടി വായിക്കേണ്ടിയിരിക്കുന്നു. സച്ചിദാനന്ദന്റെ മികച്ച പരിഭാഷയും നന്ദി.

## സി. സന്തോഷ് കുമാർ: ഒരു തെങ്ങുകയറ്റക്കാരന്റെ ജീവിതത്തിൽ നിന്ന് ആറു ഖണ്ഡങ്ങൾ

**സതീഷ് ബാബു പയ്യന്നൂർ:** അസ്സൽ കഥ... തരളവും സരളവുമായ ആഖ്യാനം... കൊട്ടിഘോഷിക്കപ്പെടാത്ത ദാർശനികത... ഒരു ഡസൻ കഥകൾക്കു മേൽ എഴുതിയിട്ടില്ലാത്ത, ഞാൻ ഇതിനുമുൻപ് വായിച്ചിട്ടില്ലാത്ത ഈ കഥാകൃത്ത് നിറസമൃദ്ധിയോടെ കുലച്ചു നിൽക്കുന്ന ഒരു കുറ്റൻ തെങ്ങു പോലെ വായനക്കാർക്കു മുന്നിൽ തലയുയർത്തി നിൽക്കുന്നതായി തോന്നുന്നു... സന്തോഷവും നന്ദിയും, സായാഹ്നയുടെ ഈ കണ്ടെത്തലിന്... എല്ലാ പ്രിയങ്കരർക്കും സ്നേഹപ്രഭാതം നേർന്നുകൊണ്ട്...

## സായാഹ്ന ഗ്രൂപ്പുമായി ബന്ധപ്പെട്ട മറ്റു ചർച്ചകൾ:

**കെ. എച്ച്. ഹുസൈൻ:** പതിനഞ്ചുവർഷങ്ങൾക്കു ശേഷം രചന ഫോണ്ട് റീഡിസൈൻ ചെയ്ത് സി വി ആറിന് അയച്ചുകൊടുത്തു. RIT-Rachana എന്ന് പേരിൽ രജീഷ് അത് നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. അക്ഷരങ്ങൾ എത്ര ഭേദപ്പെട്ടു എന്ന് അശോകൻ തീർച്ചപ്പെടുത്തണം. എന്നാലെ സായാഹ്നയിൽ അത് പ്രത്യക്ഷപ്പെട്ടു.

ഞാൻ കാത്തിരിക്കുന്നു.

> If you optimize everything,
> you will always be unhappy.
>
> DONALD KNUTH

**ഡോ. ഇ. എം. സുരജ:** സായാഹ്നയുടെ കേരളപാണിനീയം കഴിഞ്ഞ ദിവസമാണ് നോക്കാൻ സാധിച്ചത്. കയ്യിൽ അച്ചടിപ്പതിപ്പുണ്ടായിരുന്നതുകൊണ്ടുകൂടിയാണ് ഇത്. എന്നാൽ, ഡിഗ്രി വിദ്യാർത്ഥികളിൽ പലർക്കും ഇപ്പോൾ കേരളപാണിനീയം വാങ്ങിക്കാനോ ലൈബ്രറിയിൽ നിന്നെടുക്കാനോ പറ്റാത്തതുകൊണ്ടാണ് ഇ-പതിപ്പിനെക്കുറിച്ച് അന്വേഷിച്ചത്.

ഏറ്റവും മനോഹരമായും തെറ്റുകളില്ലാതെയും സംവിധാനം ചെയ്ത സായാഹ്നയുടെ കേരളപാണിനീയം ഏറെ പ്രയോജനപ്പെട്ടു എന്ന് സന്തോഷത്തോടെ അറിയിക്കട്ടെ.

ഹൈപ്പർ ടെക്സ്റ്റ് ആയതുകൊണ്ട്, ആവശ്യമുള്ള പേജുകളിലേയ്ക്ക് എളുപ്പത്തിൽ പോകാം എന്ന സൗകര്യവുമുണ്ട്.

ഒരിക്കൽക്കൂടി, എന്റെയും വിദ്യാർത്ഥികളുടേയും പേരിലുള്ള നന്ദി.

**ലിസ്സി മാത്യു:** നമ്മുടെ കാമ്പസുകളിൽ ഓൺലൈൻ കാലത്ത് ഏറ്റവും കൂടുതൽ പ്രയോജനപ്പെട്ടതാവുന്നതാണ് സായാഹ്നപുസ്തകങ്ങൾ.

**അനുപ:** സായാഹ്ന പ്രസിദ്ധീകരിക്കുന്ന ഫോൺ പതിപ്പുകളിൽ ഹൈപ്പർലിങ്ക് സൗകര്യം ഉണ്ട്. (ടെക്സ്റ്റിൽ കാണുന്ന നിറമുള്ള അക്ഷരങ്ങൾ ഹൈപ്പർ ലിങ്കുകളാണ്. വായനക്കാരിൽ കുറെ പേരെങ്കിലും ഇതുപയോഗപ്പെടുത്തുന്നില്ല എന്ന നിരീക്ഷണമാണ് ഈ അറിയിപ്പിനു കാരണം). പാഠത്തിനിടയിൽ ഹൈലൈറ്റ് ചെയ്തിരിക്കുന്ന വാക്കുകളിലൂടെ ആ വാക്കുകളുമായി ബന്ധപ്പെട്ട സൈറ്റുകളിലേയ്ക്കു പോകാൻ കഴിയും. സാഹിത്യവാരഫലം പോലെയുള്ള പ്രസിദ്ധീകരണങ്ങളിൽ ധാരാളം ഗ്രന്ഥകർത്താക്കളുടെ പേരിനൊപ്പം ഈ സൗകര്യമുണ്ട്. നിങ്ങൾക്കു പ്രിയപ്പെട്ട വിഷയത്തെക്കുറിച്ചോ രചയിതാവിനെക്കുറിച്ചോ കൂടുതൽ അറിയാൻ ഈ സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്.

**സി. വി. രാധാകൃഷ്ണൻ:** സായാഹ്നയിൽ ആദ്യ പ്രൂഫുകൾ തയ്യാറാവുന്നത് ഉച്ചയ്ക്കുശേഷം നാലു മണിയോടുകൂടിയാണ്. ഇവ പിന്നീട് പ്രൂഫ് വായിക്കാനായി പ്രവർത്തകരുടെ അടുത്തെത്തുന്നു. രണ്ടു പ്രവർത്തകരാണ് ഇപ്പോൾ ഈ സേവനത്തിനുള്ളത്. പലപ്പോഴും അവരുടെ നിത്യതൊഴിലിന്റെ സമ്മർദ്ദങ്ങളിൽപെട്ട് കൃത്യമായി അവരുടെ സേവനം കിട്ടണമെന്നില്ല. അതുകൊണ്ട് പൂർണ്ണമായും തെറ്റുകളില്ലാത്ത പതിപ്പുകൾ പ്രസിദ്ധീകരിക്കാൻ കഴിയുന്നില്ല എന്ന സത്യമറിയുക. വായനക്കാർ ഈ സേവനത്തിനായി മുന്നോട്ടു വരികയാണെങ്കിൽ നമുക്ക് തെറ്റുകൾ തീരെയില്ലാത്ത പതിപ്പുകൾ നൽകാൻ കഴിയും. താല്പര്യമുള്ളവർ ഈ ഗ്രൂപ്പിലൂടെ അറിയിക്കുക. വരി നമ്പ്ര മാർജിനിൽ കൊടുത്തിട്ടുള്ള പ്രൂഫുകൾ ലഭ്യമാക്കാം. തെറ്റുകൾ റഫർ ചെയ്യാൻ വളരെ എളുപ്പമായിരിക്കും. പ്രൂഫിങ്ങിനു പ്രത്യേകം ഗ്രൂപ്പ് സൃഷ്ടിക്കുകയും അതുവഴി തിരുത്തുകൾ അറിയിക്കുകയും ചെയ്യാം. വെറും മുപ്പതു-നാല്പതു് മിനിട്ടുകൊണ്ട് പൂർത്തിയാക്കാവുന്ന പണിയാണിത്. ഈ ജനകീയപ്രസാധന പരിപാടിയിൽ വായനക്കാർ സജീവമായി പങ്കെടുക്കണമെന്നു അഭ്യർത്ഥിക്കുന്നു.

(ജൂലൈ 05 മുതൽ 11 വരെ ലഭിച്ച പ്രതികരണങ്ങളാണ് ഈ ലക്കത്തിലുള്ളത്).

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014